കൃഷി ഭവനുകളിലെ പാർട്ട്ടൈം സ്വീപ്പർമാർ

82 [2946] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കൃഷിഭവനുകളിൽ ജോലി നോക്കുന്ന കാഷ്വൽ പാർട്ട്ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുവാനും ഇവർക്ക് സർക്കാർ സർവ്വീസിലെ പാർട്ട്ടൈം സ്വീപ്പർമാരുടെ വേതനം നൽകുവാനും കോടതിയിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെല്ലാമാണ് ഇപ്രകാരം വിധി സമ്പാദിച്ചിട്ടുള്ളതെന്നും അവരിൽ എത്രപേർക്കാണ് ഇപ്രകാരം ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പാർട്ട്ടൈം സ്വീപ്പർമാരുടെ സ്വീപ്പിംഗ് ഏര്യ നിശ്ചയിക്കുന്നതു സംബന്ധിച്ചു ഇപ്പോഴുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കാമോ;

(ഡി) ആഫീസ് മുറിയുടെ കാർപ്പറ്റ് ഏര്യാമാത്രം സ്വീപ്പിംഗ് ഏര്യാ ആയി കണക്കാക്കിയാൽ മതിയെന്ന് സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ഇവരുടെ സ്വീപ്പിംഗ് ഏര്യാ ഓഫീസ് മുറിയുടെ കാർപ്പറ്റ് ഏര്യ മാത്രം കണക്കാക്കിയാൽ മതി എന്ന് ചില ജില്ലാ ഓഫീസർമാർ ഉത്തരവ് നൽകിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കൃഷി ഭവനുകളിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുവാനും അവർക്ക് സർക്കാർ സർവ്വീസിലെ പാർട്ട്ടൈം സ്വീപ്പർമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്താൻ കോടതിവിധി ലഭിച്ചിട്ടില്ല. എന്നാൽ കാഷ്വൽ സ്വീപ്പർമാർ ഫയൽ ചെയ്ത വ്യക്തിഗത ഒ.പി.-കളിൽ സ്വീപ്പിംഗ് ഏര്യയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പേ റിവിഷൻ ഉത്തരവുകൾ പ്രകാരം വേതനം നൽകുവാൻ വിധിയായിട്ടുണ്ട്.

(ബി) വിധി സമ്പാദിച്ചിട്ടുള്ളവരുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.† 96 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) പാർട്ട്ടൈം സ്വീപ്പർമാരുടെ സ്വീപ്പിംഗ് ഏര്യ നിശ്ചയിക്കുന്നതിനു കാർപ്പറ്റ് ഏര്യായാണ് കണക്കിലെടുക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

(എഫ്) ഇക്കാര്യം പരിഗണനയിലില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly